(ഡി) എങ്കിൽ എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തുവാൻ സാധിച്ചിട്ടുള്ളത് ;

(ഇ) ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വർണ്ണ വില്പന നികുതി വരവിൽ ഈ സാമ്പത്തിക വർഷം 31-1-2015 വരെയുള്ള കണക്കനുസരിച്ച് 9.76 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്.

(ബി-ഇ) സ്വർണ്ണത്തിന്റെ പ്രത്യേക സ്വഭാവം പരിഗണിച്ച് സ്യൂട്ട്കേസ്, മടിശ്ശീല വ്യാപാരം എന്നിവ സാദ്ധ്യമാണെന്നതിനാൽ നികുതി വെട്ടിപ്പ് സാദ്ധ്യത വളരെ കൂടുതലാണ്. പ്രധാന വ്യാപാരികളെല്ലാം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നതിനാൽ നികുതി വെട്ടിപ്പ് വ്യാപകമാണെന്ന് പറയാൻ സാദ്ധ്യമല്ല. എന്നാൽ ധാരാളം സ്വർണ്ണ കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും ട്രെയിൻ, വിമാനം എന്നീ മാർഗ്ഗങ്ങളിലൂടെ ബാഗുകളിലും മറ്റുമായി വ്യാപാര സ്ഥാപനങ്ങളിൽ എത്തിച്ച് കൊടുക്കുന്ന പ്രവണത വ്യാപകമാണ്. അത്തരം ധാരാളം കേസുകൾ കണ്ടെത്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ട്. ഇത്തരം അനധികൃത സ്വർണ്ണ വ്യാപാരം പരമാവധി ഇല്ലാതാക്കുന്നതിനായി ഇന്റലിജൻസ് വിഭാഗം പരമാവധി ശ്രമിക്കുന്നുണ്ട്.

സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ ഹാൾ മാർക്കിംഗ് യൂണിറ്റ് എന്നിവ കേന്ദ്രീകരിച്ച് സൂക്ഷ്മനിരീക്ഷണം നടത്തി കള്ളക്കടത്ത് സ്വർണ്ണം പിടിച്ചെടുക്കുന്നുണ്ട്. ഈ വർഷം നടത്തിയ പരിശോധനയുടെ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. മേല്പറഞ്ഞ പരിശോധനകൾ പരമാവധി വർദ്ധിപ്പിച്ച് സ്വർണ്ണാഭരണ കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കടത്തിലൂടെ നികുതി വെട്ടിപ്പ്

226 (574) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോഴിയിറച്ചിയുടെ ഉപഭോഗം വർദ്ധിച്ചു വരുന്നതായി അറിയാമോ ; സംസ്ഥാനത്തേക്ക് കടത്തുന്ന കോഴിയുടെ നികുതി വരുമാനത്തിൽ ഇത് പ്രതിഫലിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇറച്ചിക്കോഴി ഇനത്തിൽ 2010-11 മുതൽ 2014-15 വരെ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് വിശദമാക്കാമോ ;

(സി) കോഴിക്കടത്തിലൂടെ നികുതി വെട്ടിക്കാൻ ശ്രമിച്ചവർക്കെതിരെ നിലവിൽ എത്ര കേസുകൾ ഉണ്ട് ; ഇവയുടെ ചുമത്തപ്പെട്ട നികുതി നിലവിൽ എത്ര ;

(ഡി) സെയിൽടാക്സ് സ്ക്വാഡ് പ്രവർത്തനത്തിലൂടെ കണ്ടെത്തപ്പെട്ട കോഴിക്കടത്ത് നികുതിവെട്ടിപ്പ് കേസുകൾ എത്ര ; എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പുകൾ നടപ്പ് വർഷം കണ്ടെത്തി ;

(ഇ) നികുതി വെട്ടിപ്പ് കേസുകളിൽ സർക്കാർ ഭാഗം തുടർച്ചയായി പരാജയപ്പെടുന്നതിന്റെ കാരണമെന്താണ് ?

ഉത്തരം

(എ) പക്ഷിപ്പനി, കോഴികൾക്ക് നൽകുന്ന ഹോർമോൺ ചികിത്സ എന്നിവയെപ്പറ്റിയുള്ള പത്രവാർത്തകൾ കോഴിയിറച്ചിയുടെ ഉപഭോഗത്തെ ബാധിച്ചിട്ടുണ്ട്. ഇത് നികുതി വരുമാനത്തിൽ പ്രതിഫലിച്ചിട്ടുണ്ട്.

(ബി) ഇറച്ചിക്കോഴിയിനത്തിൽ 2010-11 മുതൽ 2014-15 വരെ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു :

വർഷം	ലഭിച്ച നികുതി വരുമാനം (തുക കോടിയിൽ)
2010-2011	121.16
2011-2012	93.06
2012-2013	114.05
2013-2014	178.04
2014-2015 (31-1-2015 വരെ)	109.76

(സി & ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഇത്തരത്തിലുള്ള അസാധാരണ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല പരാജയപ്പെട്ട കേസുകൾ പരിശോധിച്ച് മേൽ കോടതികളിൽ അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly